**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 748** **11-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യിലെ നിയമന നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. യിൽ അയ്യായിരത്തി അറുന്നൂറിൽപരം തസ്തികകൾ വെട്ടിക്കുറയ്ക്കാനും നിയമന നിരോധനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. വൈദ്യുതി ബോർഡിൽ restructuring പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ തസ്തികകളുടെ എണ്ണം നിശ്ചയിക്കപ്പെടുന്നതും ഒഴിവുകളുടെ വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുവാൻ കഴിയുന്നതുമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായി ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ, തസ്തികകളും നിലനിർത്തുന്നതാണ്. |
| (ബി) | ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത് പ്രസരണം മുതൽ വിതരണം വരെയുള്ള ശൃംഖലയെ സാരമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. വൈദ്യുതി ബോർഡിൽ restructuring പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ തസ്തികകളുടെ എണ്ണം നിശ്ചയിക്കപ്പെടുന്നതും ഒഴിവുകളുടെ വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുവാൻ കഴിയുന്നതുമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായി ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ, തസ്തികകളും നിലനിർത്തുന്നതാണ്. |
| (സി) | ജീവനക്കാരുടെ കുറവ് നേരിടുന്ന സെക്ഷൻ ഓഫീസുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | വലിയ തോതിൽ ഉള്ള വിരമിക്കലിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ വിതരണ വിഭാഗത്തിലെ സെക്ഷൻ ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് ഉണ്ടായതിനാൽ അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ചെയ്യാൻ സാധിക്കാതെ വരുന്ന സാഹചര്യം മുന്നിൽ കണ്ട് പ്രവൃത്തികൾ ചെയ്യാൻ കരാർ അടിസ്ഥാനത്തിൽ ആവശ്യമായ മാനവവിഭവശേഷി കണ്ടെത്താൻ ഉള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ഡി) | കെ.എസ്.ഇ.ബി.യിൽ നിയമന നിരോധനം നടത്താനുള്ള നീക്കം ഉപേക്ഷിച്ച് ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വൈദ്യുതി ബോർഡിൽ നിയമന നിരോധനം നടപ്പാക്കാൻ യാതൊരു നീക്കവും നിലവിൽ ഇല്ല. എന്നാൽ സാങ്കേതിക വിദ്യകളിൽ വന്ന മാറ്റങ്ങളും കമ്പ്യൂട്ടർവൽക്കരണവും മൂലം ജോലിഭാരത്തിലും ജോലിയുടെ സ്വഭാവത്തിലും വന്ന മാറ്റത്തിനനുസരിച്ചും സർക്കാർ നിർദ്ദേശിച്ച പ്രകാരവും ആകെയുള്ള അംഗബലം പുനഃക്രമീകരിച്ച് ഓരോ തസ്തികയിലുമുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്യാനുള്ള നടപടികളാണ് ബോർഡ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ